**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/072/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 07 -01- 2025**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. ഇമ്പിച്ചികോയ.കെ<br>കോർഡിനേറ്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച്, കരിമ്പന, ഈശ്വരമംഗലം, പൊന്നാനി, മലപ്പുറം - 679573 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പൊന്നാനി, മലപ്പുറം. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ സബ്ബ് സെന്റർ ആയ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്ന സ്ഥാപനത്തിന്റെ കോർഡിനേറ്റർ ആണ് പരാതിക്കാരൻ. ഈ സ്ഥാപനം പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷന്റെ ഭാഗമായിവരുന്ന ഈഴവത്തിരുത്തി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ഉപഭോക്താവാണ്. അഞ്ചു കൺസ്യൂമർ നമ്പരുകളിലായാണ് കണക്ഷൻ എടുത്തിരിക്കുന്നത്. 18/02/2022 ൽ തിരൂർ ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിലുള്ള Regional audit വിഭാഗം സെക്ഷൻ ഓഫീസ് ഓഡിറ്റ് നടത്തിയപ്പോൾ അതിന് ICSR എന്നത് ഒരു സ്വാശ്രയ സ്ഥാപനമാണെന്നും അതിനാൽ അതിന് ബാധകമായ താരിഫ് LT 6F ആണെന്നും LT 6A യിലും LT 6B യിലും ബില്ല് ചെയ്തിരുന്നത് ശരിയല്ല

എന്നും കണ്ടെത്തുകയുണ്ടായി. അങ്ങനെ **6A, 6B** താരിഫുകളിൽ ബില്ല് ചെയ്തിരുന്ന കാലയളവിൽ **6F** പ്രകാരം അധികം നൽകേണ്ട തുക **short assessment** ആയി ബിൽ നൽകുകയും ചെയ്തു. കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ **31/10/2023** ൽ ഇറക്കിയ ഉത്തരവ് പ്രകാരം സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു **6A** അനുവദിച്ചു നൽകി. അങ്ങനെ സ്ഥാപനങ്ങളിലേയ്ക്കുള്ള കണക്ഷൻ **6A** യിലും ഹോസ്റ്റലിന്റെ കണക്ഷൻ **6F** ലും നിലനിർത്തി. **Short assessment** ആയി **5** കണക്ഷനുകൾക്കും കൂടി കണക്കാക്കിയ മൊത്തം തുക **Rs.3,53,294/-** ആണ്. സർക്കാർ സ്ഥാപനമായതിനാൽ ബാധകമായ താരിഫ് **6A** ആണെന്നും അതിനാൽ തന്നെ **short assessment bill** അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നതാണ് പരാതി. പരാതിക്കാരൻ **CGRF** ൽ കൊടുത്തപരാതിയ്ക്ക് നടപടികൾ പൂർത്തിയാക്കി **24/09/2024** ൽ ഉത്തവിറക്കിയിരുന്നു. അതിന്റെ അപ്പീലായിട്ടാണ് ഈ പരാതി വൈദ്യുത ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ കേരള **(CCEK).** കേരളത്തിലെ യുവജനങ്ങളെ സിവിൽ സർവീസ് രംഗത്തേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് **2005** ൽ **CCEK** ക്കു കീഴിൽ കേരള സംസ്ഥാന സിവിൽ സർവീസ് അക്കാദമി സ്ഥാപിതമാകുന്നത്. അക്കാദമിയുടെ മലപ്പുറം ജില്ലയിലെ ഉപകേന്ദ്രമായ ഇൻസ്റ്റിട്ട് ഓഫ് കരിയർ സ്റ്റഡീസ് & റിസർച്ച് ( **CSR**) സ്ഥാപിതമാകുന്നത് **2010** ലാണ്.

ഈ സ്ഥാപനത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളായ ഹോസ്റ്റലുകൾ, ലൈബ്രറികൾ എന്നിവയുടേയും താരിഫ് **6A** യിൽ നിന്നും **6F** ലേക്ക് മാറ്റുകയും വൈദ്യുതി ചാർജ് വർധിപ്പിക്കുകയും ചെയ്തു. തൽഫലമായി പുതിയ നിരക്കിൽ വൈദ്യുതി ചാർജ് അടക്കുവാൻ നിർബന്ധിതരാവുകയും ചെയ്തു. ഇതിനെതിരെ **KSEB** ക്ക് പരാതി നൽകിയതിന്റെ ഫലമായി **27-11-2023** തിയതിയി **KSEB** അസിസ്റ്റന്റ് എഞ്ചിനീയറുടെ താരിഫ് റിവിഷൻ/ഐ.സി.എസ്.ആർ പൊന്നാനി/**2023-24** നമ്പർ പ്രകാരം പഴയ താരിഫ് **6A** പുനഃസ്ഥാപിക്കുകയും ചെയ്തു.

എന്നാൽ **2016** മുതൽ **2022** വരെയുള്ള കുടിശ്ശിക ഒഴിവാക്കി തന്നിട്ടില്ല. മാത്രവുമല്ല ഹോസ്റ്റലിന്റെ താരിഫ് **6F** ആയി തുടരുകയാണ്. ഒരു

സർക്കാർ സ്ഥാപനമെന്ന നിലയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും താരിഫ് 6A ആക്കി നിലനിറുത്തണമെന്നും താരിഫ് മാറ്റം മൂലമുണ്ടായ കുടിശ്ശിക ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു.

വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന സ്വയം ഭരണ സ്ഥാപനമെന്ന നിലയ്ക്കാണ് താരിഫ് വർധിപ്പിച്ചത് എന്നാണ് KSEB ഓഡിറ്റ് വിഭാഗം അറിയിച്ചത്. ഇതിനെതിരെ കോഡിനേറ്റർ, ഐ.സി.എസ്.ആർ, ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രസ്സൽ - ഫോറം (വടക്കൻ മേഖല)വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട്-673011 മുൻപാകെ പരാതി സമർപ്പിച്ചെങ്കിലും സൂചന പ്രകാരം പരാതി തള്ളുകയും 2016 മുതലുള്ള കുടിശ്ശിക അടവാക്കുന്നതിനും ഉത്തരവാകുകയുണ്ടായി. എന്നാൽ ഐ.സി.എസ്.ആർ സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമാണ്. ഇത് തെളിയിക്കാനുള്ള വസ്തുതകൾ താങ്കൾക്കു മുമ്പാകെ സമർപ്പിക്കുകയാണ്.

1)കേരള സംസ്ഥാന സർക്കാരാണ് 2010 ൽ ഈ സ്ഥാപനം സ്ഥാപിച്ചത്. സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം വേണമെന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി 2009 ൽ - ഇറിഗേഷൻ വകുപ്പിൽ നിന്നും സ്ഥലം ഏറ്റെടുത്തു.
( സർക്കാർ ഉത്തരവ് നമ്പർ : സ.ഉ.(കൈ) നം. 204/09. ഉ.വി.വ തീയതി 17.11.2009)
2) സ്വന്തമായി കെട്ടിടം നിർമിക്കുന്നതിനായി 2009 ൽ സർക്കാർ ഫണ്ട് അനുവദിച്ചു. (സർക്കാർ ഉത്തരവ് നമ്പർ : സ.ഉ.(കൈ) നം. 204/09. ഉ.വി.വ തീയതി 17.11.2009)
3)സ്വകാര്യ സിവിൽ സർവീസ് പരിശീലന സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥമായി സംസ്ഥാന സർക്കാർ സ്ഥാപനമെന്ന നിലയിൽ നാമമാത്രമായ ഫീസാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നത്. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടിക ജാതി / പട്ടിക വർഗ/മുസ്ലിം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സംവരണവും ഫീസിളവും നൽകുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വിവിധ തരം സ്കോളർഷിപ്പുകളും നൽകുന്നു. പ്രവേശന വിജ്ഞാപനം : 2024 ജൂൺ)
5) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാം നിലയുടെ നിർമാണത്തിന് ആവശ്യമായ 250 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരിക്കുന്നു. ( സർക്കാർ ഉത്തരവ് നമ്പർ : G.O(Rt.No.518/2017/HEDN DATED 21.03.2017)
6) അക്കാദമിയുടെ ദൈനം ദിന ചെലവുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന നാമമാത്ര ഫീസിനു പുറമെ സർക്കാർ ഗ്രാൻഡിനെയുമാണ് ആശ്രയിക്കുന്നത്.

7) CCEK യുടെ ഡയറക്ടർ IAS കാരാണ്.

മേൽവിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 6A താരിഫ് മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കണമെന്നും നിലവിലെ കുടിശ്ശിക ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

പരാതിക്കാരനായ ശ്രീ. ഇമ്പിച്ചിക്കോയ, കോ.ഓർഡിനേറ്റർ ആയ ഇൻസ്റ്റിട്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്, കരിമ്പന, ഈശ്വരമംഗലം, പൊന്നാനി എന്ന സ്ഥാപനം ഈശ്വരമംഗലം എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷന്റെ ഭാഗമായിവരുന്ന ഇലക്ട്രിക്കൽ സെക്ഷൻ ഈഴവതിരുത്തിയുടെ പരിധിയിലുള്ള അഞ്ച് കൺസ്യൂമർ നമ്പരുകൾ ഈ സ്ഥാപനത്തിലുണ്ട്.(കൺസ്യൂമർ നമ്പർ 1168027013344,1168024015305 1168028015721, 1168020015348, 1168029016158) സ്ഥാപനത്തിലേക്കും, സ്ഥാപനത്തിന്റെ കീഴിലുള്ള ഹോസ്റ്റലിലേക്കുമാണ് സപ്ലേ എടുത്തിരിക്കുന്നത്. തിരൂർ സർക്കിൾ റീജിനൽ ഓഡിറ്റ് വിഭാഗം 18.02.2022 ന് ഈഴവതിരുത്തി സെക്ഷനിൽ ഓഡിറ്റ് നടത്തുകയും അതിന്റെ ഭാഗമായി ഇൻസ്റ്റിട്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്ന സ്വാശ്രയ സ്ഥാപനം ബഹു.സുപ്രീം കോടതിയുടെ (സിവിൽ അപ്പീൽ 8350/2009) 20.02.2020 വിധിക്കനുസരിച്ച് ഷോർട്ട് അസസ്മെന്റ് ബിൽ തയ്യാറാക്കുകയും, ഇതുപ്രകാരം കുടിശ്ശിഖയായി വന്ന ബിൽ അടക്കുന്നതിന് സ്ഥാപനത്തെ സമീപിക്കുകയും ചെയ്തു.

പ്രസ്തുത സ്ഥാപനത്തിന്റെ വൈദ്യുതി കണക്ഷനുകൾ 6A (ഇൻസ്റ്റിറ്റ്യൂട്ട്) 6B (ഹോസ്റ്റൽ) എന്നീ താരിഫുകളിൽ 2016 മുതൽ ബില്ലുകൾ നൽകി വരുന്നു. റഫറൻസ് 5 പ്രകാരം തിരൂർ സർക്കിൾ റീജിനൽ ഓഡിറ്റ് ഓഫീസർ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് റഫറൻസ്1,2 പ്രകാരം എൽ.ടി 6F താരിഫിൽ ആണ് ബില്ല് ചെയ്യേണ്ടതെന്ന് നിർദ്ദേശിച്ചു. അത് പ്രകാരം പ്രസ്തുത കണക്ഷനുകളുടെ താരിഫുകൾ എൽ.ടി 6F താരിഫിലേക്ക് മാറ്റുകയും 6A, 6B താരിഫുകളിൽ ബിൽചെയ്ത കാലയളവുകളിൽ ഷോർട്ട് അസസ്മെന്റ് ബിൽ നൽകുകയും ചെയ്തു. പ്രസ്തുത ഷോർട്ട് അസസ്മെന്റ്

ബിൽ നൽകിയതിനു ശേഷം എൽ.ടി 6F താരിഫിലാണ് പിന്നീടുള്ള ബില്ലുകൾ നൽകി വരുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിഗണിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ഓർഡർ നമ്പർ **427/DCT/2023/KSERC dtd31/10/2023** പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എൽ.ടി **6A** താരിഫ് അനുവദിച്ച് നൽകി. പക്ഷേ അവയുടെ ഹോസ്റ്റലുകൾക്ക് എൽ.ടി **6F** താരിഫ് നിലനിർത്തുകയും ചെയ്തു.

ഈ താരിഫ് മാറ്റത്തിന് മുൻകാല പ്രാബല്യം നൽകാത്തതിനാൽ ഷോർട്ട് അസസ്മെന്റ് ബില്ലുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്, കരിമ്പന, ഈശ്വരമംഗലം. പൊന്നാനി  അധികാരികളുടെ അപേക്ഷ പ്രകാരം പിൻവലിക്കാൻ സാധിച്ചില്ല. താരിഫ് മാറ്റത്തിന്റെ ഭാഗമായുണ്ടായിട്ടുള്ള കുടിശ്ശിഖ താഴെപ്പറയും പ്രകാരമാണ്.

<u>Details</u>

**1)** Consumer No : 1168027013344 (ICSR)- Period 01/16 to 09/2022

Education Institution from 01/2016 onwards CL-21147 Watts (wef 02-06-2017)

Tariff-> **LT-6B from 01/2016 to 31/07/2022 LT 6F from 01/08/2022 to 31/10/2023 Tariff 6A from 01-11-2023 Onwards**

Shortfall in Fixed Charge - 14130 (35340-21210(6B Paid))

Shortfall in Energy Charge - 31051.20 (141162.6 -110111.40(6B))

Electricity Duty - 3105.80

---------

**48287**

**2)** Consumer No: 1168029016158 (ICSR) - Period 06/18 to 09/2022

DOC 26-05-2018 CL-19787 Watts

Tariff => **26-05-2018 to 31-08-2022-LT-6A, 01-09-2022 to 31-10-2023-LT-6F from 01-11-2023 tariff changed to LT-6A**

Shortfall in Fixed Charge - 76200 (FC Due-FC (6A)=138800-62600)

Shortfall in Energy Charge - 129770 (EC Due-EC(6A))=240381.5-110611.9)

Electricity Duty - 12977

----------

**218947**

**3)** Consumer No: 1168020015348 (Hostel ICSR) - Period 11/16 to 09/2022
DOC 15-11-2016 CL-2873W

Tariff =>**15-11-2016 to 06-02-2021 LT-1A, 06-02-2021 to 30/09/22-LT-6B**
**From 01-10-22 onwards LT 6F**

Shortfall in Fixed Charge - 7730 FC DUE-FC PAID= 12060-4330

Shortfall in Energy Charge - 36308.2 EC DUE-EC PAID-200952.13-164643.93

Electricity Duty - 3630.80

-----------

**47669**

**4)** Consumer No: 1168028015721 (Hostel ICSR) - Period 01/16 to 09/2022
DOC=> 03-04-2017 CL -2840 Watts

**Tariff 6B from 03/04/2017 to 04/08/2022, From 05-08-2022 Onwards 6F**

Excess Fixed Charge - (-)7590 [FC DUE-FC PAID= 11160-18750]

Shortfall in Energy Charge - 9927 [EC DUE-EC PAID]=110293-100366

Electricity Duty - 992

-------------

**3329**

**5**) Consumer No: 1168024015305 (Hostel ICSR) - Period 09/16 to 09/2022
DOC 23-09-2016 CL-2566 Watts

**Tariff LT-1A from 23-09-2016 to 06-02-2021, 06-02-2021 to 04-08-2022 LT-6B**

**Tariff LT-6F from 05-08-2022 Onwards**

Shortfall in Fixed Charge - 6940 [FC DUE-FC PAID(6B)= 12210-5270]

Shortfall in Energy Charge - 25565 [ FC DUE-FC PAID(6B)= 101255-75690]

Electricity Duty - 2557

**-----------**

**35062**

ഈ കേസിന്റെ വിചാരണ 10/09/2024 ന് സി ജി ആർ എഫ്, കോഴിക്കോട് വെച്ച് നടക്കുകയും, തുടർന്ന് 24/09/2024 ലെ ഉത്തരവ് പ്രകാരം അന്യായക്കാരന്റെ പരാതി തള്ളി തീർപ്പാക്കിയതാണ്. ബഹുമാനപ്പെട്ട സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുമ്പാകെ മേൽ വിഷയത്തിൽ സത്യപ്രസ്താവന സമർപ്പിക്കുന്നു. അനുകൂല നടപടികൾക്കായി അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

കെ.എസ്.ഇ.ബി പൊന്നാനി ഇലക്ട്രിക്കൽ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച സ്റ്റേറ്റമെന്റ് ഓഫ് ഫാക്ടിൽ പറയുന്നത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച് എന്ന സ്ഥാപനം സ്വാശ്രയ സ്ഥാപനമെന്ന നിലക്കാണ് താരിഫ് 6A യിൽ നിന്നും 6F ലേക്ക് ഉയർത്തിയത് എന്നാണ്. എന്നാൽ ICSR സ്വാശ്രയ സ്ഥാപനമല്ല. ഇത് ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ (CCEK) കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സിവിൽ സർവീസ് അക്കാദമിയുടെ ഉപകേന്ദ്രമാണ്. സർക്കാർ ഗ്രാൻന്റോടു കൂടി സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത് എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 01/01/2025-ന് രാവിലെ 10:00-ന് സി.ജി.ആർ.എഫ്, കോർട്ട് ഹാൾ, വൈദ്യുതി ഭവനം, കോഴിക്കോട് വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.ഇമ്പിച്ചികോയ.കെ, കോർഡിനേറ്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച്, കരിമ്പന, ഈശ്വരമംഗലം, പൊന്നാനി, മലപ്പുറം. എതിർകക്ഷിയായ ശ്രീ. മുജീബ്.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പൊന്നാനി, മലപ്പുറം, എന്നിവരാണ് പങ്കെടുത്തത്.

കേരള സർക്കാർ ഉത്തരവിലൂടെ സ്ഥാപിതമായ ഒരു സ്വതന്ത്ര സ്ഥാപനമാണ് Centre for Continuing Education Kerala . കേരളത്തിൽ തുടർവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി സാങ്കേതിക വിദ്യാഭ്യാസം,

വ്യവസായം,വാണിജ്യം എന്നീ രംഗങ്ങളിൽ വികസനം കൈവരിക്കുന്നതിനും വേണ്ടിയാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. ഇതിന്റെ കീഴിൽ എല്ലാ ജില്ലകളിലും സബ്ബ് സെന്ററുകൾ പ്രവർത്തിക്കുന്നു. **13** ജില്ലകളിലും **Kerala State Civil Service Academy (KSCSA)** എന്ന പേരിലും മലപ്പുറം ജില്ലയിൽ **ICSR** എന്ന പേരിലുമാണ് ഈ സബ്ബ് സെന്ററുകൾ സ്ഥാപിച്ചിരിക്കുന്നത്. **CCEK** യുടെ ഭരണ നിർവ്വഹണത്തിന് ഉന്നത വിദ്യാഭ്യാസ മന്ത്രി ചെയർമാനും, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി വൈസ് ചെയർമാനും ആയി ഒരു **Governing Body** യും ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായ ഒരു **Executive Committee** യും പ്രവർത്തിക്കുന്നു. **CCEK** യുടെ തലവൻ **(Director)** സർക്കാർ നിയമിക്കുന്ന ഒരു **IAS** ഓഫീസർ ആണ്. **CCEK** തന്നെയാണ് എല്ലാ സബ്ബ് സെന്ററുകളുടേയും ഭരണ നിർവ്വഹണം നടത്തുന്നത്. എന്നാൽ ഓരോ സെന്ററിനും അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സർക്കാർ നിയമിക്കുന്ന ഒരു കോർഡിനേറ്റർ ഉണ്ടായിരിക്കും.

അങ്ങനെ മലപ്പുറം ജില്ലയ്ക്കുവേണ്ടി **2010** ൽ സ്ഥാപിതമായ **CCEK** യുടെ സബ്ബ് സെന്ററാണ് **ICSR** . സർക്കാർ ഉത്തരവ് പ്രകാരമാണ് ഇത് നിലവിൽ വന്നത്. ഈ സ്ഥാപനത്തിന് വേണ്ട ഭൂമി സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാക്കുകയും കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് സർക്കാർ അനുവദിക്കുകയും ചെയ്തു. സിവിൽ സർവീസിലേയ്ക്ക് കേരളത്തിലെ വിദ്യാർത്ഥികളെ ആകർഷിക്കുകയും അതിന്റെ പരീക്ഷകളിൽ പങ്കെടുക്കാൻ അവരെ പ്രാപ്തരാക്കുകയുമാണ് ഈ സ്ഥാപനങ്ങൾ ചെയ്യുന്നത്. പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സിവിൽ സർവീസ് അക്കാദമിയാണ് **ICSR** . ഇതിന്റെ കോർഡിനേറ്ററെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതും അവർക്ക് ശമ്പളം നൽകുന്നതും സർക്കാരാണ്. ഈ സ്ഥാപനത്തിന്റെ വികസനത്തിനും സർക്കാർ ഫണ്ട് അനുവദിച്ചതും **21-03-2017** ലെ സർക്കാർ ഉത്തരവ് പ്രകാരമാണ്. നാമമാത്രമായ ഫീസ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുകയാണെങ്കിലും അതുകൊണ്ട് അക്കാഡമിയുടെ ദൈനംദിന ചെലവുകൾ നടക്കുകയില്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് വഴിയാണ് ഈ ചെലവുകൾ വഹിക്കുന്നത്.

ഈ സ്ഥാപനത്തിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് **CCEK** യുടെ വിജ്ഞാപനത്തിലൂടെയാണ് സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള സംവരണവും ഫീസിളവും പട്ടിക ജാതി/ പട്ടിക വർഗ്ഗ /മുസ്ലിം ന്യൂനപക്ഷങ്ങൾക്കും

നൽകാൻ ബാധ്യസ്ഥരാണെന്നു മാത്രമല്ല സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വിവിധതരം സ്കോളർഷിപ്പുകളും നൽകുന്നു.

അങ്ങനെ നോക്കുമ്പോൾ മറ്റു സ്വകാര്യ **self financing** സ്ഥാപനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ് ഇത്തരം സ്ഥാപനങ്ങൾ. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ **31/10/2023** ൽ ഇറക്കിയ ഉത്തരവ് പ്രകാരം സർക്കാർ നിയന്ത്രണത്തിലുള്ള **self financing** സ്ഥാപനങ്ങൾക്കും **LT 6 A** താരിഫ് ബാധകമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ **CCEK** യുടെ കീഴിലുള്ള സിവിൽ സർവീസ് അക്കാഡമികളെല്ലാം പൂർണ്ണമായും സർക്കാർ കീഴിലുള്ള സ്ഥാപനങ്ങളാണെന്ന് കാണാം. ഇതൊന്നും തന്നെ സ്വാശ്രയ സ്ഥാപനങ്ങൾ അല്ല. വിദ്യാർത്ഥികളിൽ നിന്ന് ഫീസ് വാങ്ങുകയും അതിൽ തന്നെ എല്ലാ ചെലവുകളും നിർവ്വഹിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണല്ലോ സ്വാശ്രയ സ്ഥാപങ്ങൾ. ഇത്തരം സ്വാശ്രയ സ്ഥാപനങ്ങൾക്ക് സ്ഥലവും, കെട്ടിടങ്ങളും മറ്റു അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നത് പ്രൈവറ്റ് മൂലധന നിക്ഷേപകരാണ്. എന്നാൽ ഇവിടെ **ICSR** പോലുള്ള സ്ഥാപങ്ങൾക്ക് വേണ്ട അടിസ്ഥാനസൗകര്യങ്ങളും ദൈനംദിന ചെലവുകൾക്കുള്ള ഫണ്ടും കണ്ടെത്തുന്നത് സർക്കാർ തന്നെയാണ്. ഇതിനാൽ **ICSR** ന് ബാധകമായ താരിഫ് **LT 6A** ആണെന്നതിനാൽ തന്നെ **Short assessment bill** നിലനിൽക്കുന്നതല്ല. കൂടാതെ ഈ സ്ഥാപനത്തിന്റെ **Hostel** ന് **LT 6B** യാണ് താരിഫ്.

## <u>തീരുമാനങ്ങൾ</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ലൈസൻസി നൽകിയിട്ടുള്ള **Short assessment bill** ഇതിനാൽ റദ്ദു ചെയുന്നു.

2. **ICSR** ന് ബാധകമായ താരിഫ് **LT 6A** യും അതിന്റെ **Hostel** ന് ബാധകമായ താരിഫ് **LT 6B** യും ആയിരിക്കും.
3. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/072/2024/** തീയതി: **07/01/2025.**

**അയക്കുന്നത്:**

1. ശ്രീ. ഇമ്പിച്ചികോയ.കെ, കോർഡിനേറ്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച്, കരിമ്പന, ഈശ്വരമംഗലം, പൊന്നാനി, മലപ്പുറം - **679573**

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പൊന്നാനി, മലപ്പുറം.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കോഴിക്കോട് - **673032**